**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4266** **06-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരിൽ ഏറെ പേരും അനർഹരാണെന്ന് ധനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ നിന്നും, 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രദാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി.. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്.<br><br>മസ്റ്ററിംഗ് നടത്താൻ ഇനിയും അവശേഷിക്കുന്നവർ 128022 പേരാണ്. ഇതിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അർഹരായവർക്ക് മസ്റ്റർ ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്.<br><br>കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ട് (2016) പ്രകാരം 12% പേർ അനർഹരെന്നു കണ്ടെത്തിയിട്ടുണ്ട്. സിവിൽ രജിസ്ട്രേഷനിലെ ആധാർ വിവരങ്ങൾ അനുസരിച്ച് ലഭ്യമാക്കിയ 23745 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രാദേശിക സർക്കാരുകളുടെ ലോഗിനിൽ നല്കി അന്വേഷണം നടത്തി മരണപ്പെട്ടവരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ നിർദ്ദേശത്തെത്തുടർന്ന് 10112 ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ബി) | അനർഹരെ കണ്ടെത്തുന്നതിനായി നടത്തിയ മസ്റ്ററിംങ് കൂടാതെ മറ്റെന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അനർഹരായി ലിസ്റ്റിൽ എത്ര ആളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ നിന്നും, 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രദാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി.. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്. |

മസ്റ്ററിംഗ് നടത്താൻ ഇനിയും അവശേഷിക്കുന്നവർ 128022 പേരാണ്. ഇതിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അർഹരായവർക്ക് മസ്റ്റർ ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്.

കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ട് (2016) പ്രകാരം 12% പേർ അനർഹരെന്ന് കണ്ടെത്തിയിട്ടുണ്ട്. സിവിൽ രജിസ്ട്രേഷനിലെ ആധാർ വിവരങ്ങൾ അനുസരിച്ച് ലഭ്യമാക്കിയ 23745 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രാദേശിക സർക്കാരുകളുടെ ലോഗിനിൽ നല്കി അന്വേഷണം നടത്തി മരണപ്പെട്ടവരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ നിർദ്ദേശത്തെത്തുടർന്ന് 10112 ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) അനർഹർ കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) അനർഹമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്ന നടപടികൾ തുടർന്നുവരികയാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും , ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും, ട്രഷറി ഡയറക്ടർക്കും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ എത്രയാളുകളാണ് പെൻഷൻ വാങ്ങുന്നതെന്നും ഓരോ മാസവും ഇതിനായി എത്ര തുക ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ?

(ഡി) 2022 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 5,028,396 ഗുണഭോക്താക്കളും, സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷൻ വാങ്ങുന്ന 673,569 ഗുണഭോക്താക്കളുമാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 873.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ 2385 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 39,83,720/- രൂപയും, അവശകലാകാര പെൻഷൻ 195 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 1,95,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ 1328 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 21,24,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1323 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഒരു മാസം 12,58,800/- രൂപയും അവശ കായികതാര പെൻഷൻ 99 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 1,28,700/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിശ്വകർമ്മ പെൻഷൻ 312 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 4,36,800/- രൂപ ചെലവഴിച്ചിട്ടുണ്ട്.

തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി ബോർഡുകളിലെ 4,62,092 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 89.96 കോടിയോളം രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**അനുബന്ധം -1**

| **നം.** | ക്ഷേമനിധി ബോർഡുകൾ | **ഗുണഭോക്താക്കളുടെ എണ്ണം** | **ഒരു മാസം ചെലവഴിക്കുന്ന തുക** |
|---|---|---|---|
| 1 | അൺ അറ്റാച്ച്ഡ് വിഭാഗം | 12824 | 31629118 |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 873 | 2614825 |
| 3 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 360226 | 576300000 |

| | | | |
|---|---|---|---|
| 4 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | 4102 | 15523500 |
| 5 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | 8868 | 46067279 |
| 6 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 14094 | 27704500 |
| 7 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 20593 | 67500000 |
| 8 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 1642 | 2463000 |
| 9 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 4167 | 6744400 |
| 10 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | 346 | 710875 |
| 11 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് | 33034 | 120000000 |
| 12 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് അന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 62 | 97600 |
| 13 | കേരള മദ്രസ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് | 1261 | 2295600 |
| | **ആകെ** | 462092 | 899650697 |

സെക്ഷൻ ഓഫീസർ